| പതിമൂന്നാം കേരളനിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1662 | 02.07.2015-ൽ മറുപടിക്ക് |
| **"കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം" സെക്യൂരിറ്റി മിഷൻ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. വി.ശിവൻ കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം (our Responsibility to children, Kerala) എന്ന കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിക്കുവേണ്ടി 2014-2015 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) ഒ.ആർ.സി പദ്ധതിക്കായി 2014 - 15 സാമ്പത്തിക വർഷം വകയിരുത്തിയ 50 ലക്ഷം രൂപയിൽ ടി വർഷത്തെ ചെലവുകൾക്കായി 28.03.2015 ലെ സ.ഉ (സാധാ) നം. 200/2015/സാനീവ പ്രകാരം 20.48 ലക്ഷം രൂപ കേരള സാമൂഹ്യസുരക്ഷാ മിഷന് അനുവദിച്ച് നൽകിയിരുന്നു. അവശേഷിക്കുന്ന 29.52 ലക്ഷം രൂപ ലഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പ്രോജക്ട് ജീവനക്കാരുടെ ശമ്പളയിനത്തിൽ 8,79,675/- രൂപയും ശിൽപശാല, യോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 5,98,325/- രൂപയും ഉൾപ്പെടെ 14,78,000/- രൂപ കേരള സാമൂഹ്യസുരക്ഷാ മിഷൻ ചെലവഴിക്കുകയും ബാക്കി 5.70 ലക്ഷം രൂപ ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൺനുമായി ബന്ധപ്പെട്ട കാര്യത്തിന് സാമൂഹ്യനീതി വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന് കൈമാറിയ 5.70 ലക്ഷം രൂപയിൽ ഒ.ആർ.സി സംസ്ഥാനതല ഉത്ഘാടനത്തിനായി 2,80,249/- രൂപയും ശില്പശാലകൾക്കായി 42,730/- രൂപയും പ്രിന്റിംഗ് ചെലവുകൾക്കായി 6,675/- രൂപയും ജീവനക്കാരുടെ വേതനം ഇനത്തിൽ 66,500/- രൂപയും ഇംപ്രസ്റ്റ് മണിയായി 5000/- രൂപയും ഉൾപ്പെടെ 4,01,154/-രൂപ ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 1,68,846/- രൂപ ഐസിപി.എസ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ലഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക പിൻവലിക്കുന്നതിന് ശുപാർശ ലഭിക്കുന്ന മുറക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും |

സെക്ഷൻ ഓഫീസർ